**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 384 25.06.2014-ൽ മറുപടിയ്ക്ക്

## മരുന്നു നല്കുന്നവരുടെ യോഗ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മരുന്നു കടകളിലും സ്വകാര്യ ആശുപത്രികളിലും യോഗ്യതയുള്ള വരാണോ മരുന്ന് നൽകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം സ്ഥാപനങ്ങളിൽ തുടർച്ച് യായി പരിശോധന നടത്താറുണ്ടോ ; പരിശോധനയ്ക്കുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ, അതാത് ജില്ലകളിൽ പരിശോധന നടത്താറുണ്ട്. കൂടാതെ, മേഖലാ ഓഫീസുകളിലെ ഇൻറലിജൻസ് ഇൻസ്പെക്ടർമാർ, സംസ്ഥാനതല ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ (ഇൻറലിജൻസ് വിഭാഗം), ചീഫ് ഇൻസ്പെക്ടർമാർ, ഡ്രഗ്സ് ഇൻറലിജൻസ് സ്ക്വാഡ്, ഡ്രഗ്സ് ഇൻസ്പെക്ടർ സ്പെഷ്യൽ ഇൻറലിജൻസ് ബ്രാഞ്ച് എന്നീ ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്. ഗൗരവമേറിയ പരാതികളുടെ അടിസ്ഥാനത്തിലും മറ്റ് അടിയന്തിര ഘട്ടങ്ങളിലും വകുപ്പ് ഇന്റലിജൻസ് മേധാവിയുടെ നേതൃത്തിലുള്ള എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഇത്തരം സ്ഥാപനങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുണ്ട്. ഇതു കൂടാതെ, സംസ്ഥാന ഫാർമസി കൗൺസിൽ നിയമിച്ചിട്ടുള്ള ഫാർമസി ഇൻസ്പെക്ടർമാരും ഇതു സംബന്ധിച്ച പരിശോധന നടത്താറുണ്ട്. |
| (സി) യോഗ്യതയില്ലാത്തവർ ഇത്തരം സ്ഥാപനങ്ങളിൽ മരുന്ന് നൽകുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിന് വിരുദ്ധമായി യോഗ്യതയില്ലാത്തവർ മരുന്ന് നൽകുന്നതായി കണ്ടെത്തിയാൽ ലൈസൻസുകൾ വിവിധ കാലയളവുകളിലേക്ക് സസ്പെന്റ് ചെയ്യുക, റദ്ദു ചെയ്യുക എന്നീ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടിയ കാലയളവിൽ ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മരുന്ന് വിൽപ്പന നടത്തിയതായി കണ്ടെത്തിയാൽ, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമം/ചട്ടം പ്രകാരം പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ